# PRESS INFORMATION BUREAU
# GOVERNMENT OF INDIA
# THIRUVANANTHAPURAM

***

| | | |
|---|---|---|
| 1 | Name of the publication | Janmabhumi |
| 2 | Page no | 9 |
| 3 | Date | 3 7 26 |
| 4 | Language of publication | Malayalam |
| 5 | Place of publication | Thiruvananthapuram |

### സീസണൽ പഴങ്ങളിൽ നിന്ന് എഥനോൾ

## ഹൈദരാബാദിലെ സ്റ്റാർട്ടപ്പുമായി സിഎസ്ഐആർ എൻഐഐഎസ്ടി ധാരണാപത്രത്തിൽ ഒപ്പുവച്ചു

**തിരുവനന്തപുരം:** പാപ്പനംകോട് സിഎസ്ഐആർ എൻഐഐഎസ്ടി ഹൈദരാബാദിലെ 3 കസിൻ ലാബുമായി (3സിഎൽ) 'പഴത്തിന്റെ പൾപ്പിൽ നിന്നും ജ്യൂസുകളിൽ നിന്നും എഥനോൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാധ്യതകൾ വിലയിരുത്താൻ ധാരണാപത്രത്തിൽ ഒപ്പുവച്ചു.

സിഎസ്ഐആർ എൻഐഐഎസ്ടി ഡയറക്ടർ ഡോ. സി. അനന്തരാമകൃഷ്ണനും 3 സിഎൽ എംഡി പി. ശ്രീനിവാസും ധാരണാപത്രം കൈമാറി. ആന്ധ്രാപ്രദേശിലും തെലങ്കാനയിലും ലഭ്യമായ വിവിധ സീസണൽ പഴങ്ങളിൽ നിന്ന് എഥനോൾ ഉത്പാദിപ്പിക്കുന്നതിന്റെ സാങ്കേതികവും വാണിജ്യപരവുമായ സാധ്യതകൾ വിലയിരുത്തുക



പാപ്പനംകോട് സിഎസ്ഐആർ എൻഐഐഎസ്ടി ഹൈദരാബാദിലെ 3 കസിൻ ലാബുമായി (3സിഎൽ) 'പഴത്തിന്റെ പൾപ്പിൽ നിന്നും ജ്യൂസുകളിൽ നിന്നും എഥനോൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാധ്യതകൾ വിലയിരുത്താനുള്ള ധാരണാപത്രം കൈമാറുന്നു

എന്നതാണ് കൺസൾട്ടൻസി പദ്ധതിയുടെ ലക്ഷ്യം. പ്രാദേശികമായി ലഭ്യമായ സീസണൽ പഴങ്ങളെ അടിസ്ഥാനമാക്കി വാണിജ്യപരമായി ലാഭകരമായ വികേന്ദ്രീകൃത ബയോ എഥനോൾ ഉൽപാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഈ പഠനങ്ങൾ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മാമ്പഴം, പൈനാപ്പിൾ, തണ്ണിമത്തൻ, ചക്ക, തക്കാളി എന്നിവയുൾപ്പെടെയുള്ള സീസണൽ പഴങ്ങളിൽ നിന്ന് ബയോ എഥനോൾ ഉത്പാദിപ്പിക്കുന്നതിനുള്ള പ്രക്രിയ 3സിഎൽ കമ്പനി വികസിപ്പിച്ചെടുത്തിട്ടുണ്ട്.